## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3811 — 25.06.2013 ലെ മറുപടിയ്ക്ക്

### ഭാഗ്യക്കുറി ഏജന്റുമാർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിൽപ്പനയിനത്തിൽ കഴിഞ്ഞ രണ്ട് വർഷക്കാലമായി ഉണ്ടായിട്ടുള്ള വിറ്റുവരവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (എ) | 2011-12 സാമ്പത്തിക വർഷത്തിലെ ആകെ വിറ്റുവരവ് **1287.08 കോടി** രൂപയും 2012-13 സാമ്പത്തിക വർഷത്തിലെ ആകെ വിറ്റുവരവ് **2778.62 കോടി** രൂപയുമാണ്. |
| (ബി) | ഭാഗ്യക്കുറി ഏജന്റുമാർക്ക് നൽകിയിരുന്ന ആനുകൂല്യങ്ങളിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഏജന്റുമാർക്ക് നൽകി വരുന്ന ഡിസ്കൗണ്ടിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. പ്രതിവാര ഭാഗ്യക്കുറികൾക്ക് 10000 ടിക്കറ്റുകൾ വരെ 25%, 1000 ടിക്കറ്റിന് മുകളിൽ 27% എന്ന നിരക്കിൽ നൽകിയിരുന്നത് 2012 ജൂലൈ മാസത്തിൽ വർദ്ധിപ്പിയ്ക്കുകയുണ്ടായി. 20/- രൂപ മുഖവിലയുള്ള ടിക്കറ്റുകളിൽ 10000 ടിക്കറ്റുകൾക്ക് 26%, പതിനായിരം ടിക്കറ്റിന് മുകളിൽ 28% എന്ന നിരക്കിലും 40/- രൂപ മുഖവിലയുള്ള ഭാഗ്യക്കുറികളിൽ 5000 ടിക്കറ്റുകൾ വരെ 28%, 5000 ടിക്കറ്റിനു മുകളിൽ 30% എന്ന നിരക്കിലും, 50/- രൂപ മുഖവിലയുള്ള കാരുണ്യ ഭാഗ്യക്കുറിയിൽ 4000 ടിക്കറ്റുകൾ വരെ 28%, 4000 ടിക്കറ്റിന് മുകളിൽ 30% എന്ന നിരക്കിലും ഡിസ്കൗണ്ട് വർദ്ധിപ്പിച്ചു. ചെറുകിട ഏജന്റുമാർക്ക് ടിക്കറ്റ് ലഭ്യത ഉറപ്പ് വരുത്തുന്നതിനായി 2013 മെയ് മാസം മുതൽ 20/- രൂപ മുഖവിലയുള്ള ഭാഗ്യക്കുറികളിൽ ഡിസ്കൗണ്ട് 3 സ്ലാബുകളിലാ ക്കുകയുണ്ടായി. 2000 ടിക്കറ്റുകൾ വരെ 26%, 2001 മുതൽ 10000 ടിക്കറ്റുകൾ വരെ 27%, 10000 ടിക്കറ്റിനു മുകളിൽ 28% എന്ന നിരക്കിൽ ക്രമീകരിച്ചതിലൂടെ |

ചെറുകിട ഏജന്റുമാർക്ക് അധികമായി 1% ഡിസ്കൗണ്ട് ലഭിച്ചു. കൂടാതെ ക്യാഷ് പ്രൈസിനൊപ്പം സ്വർണ്ണം സമ്മാനമായി നൽകുമ്പോൾ സ്വർണ്ണവിലയ്ക്ക് ആനുപാതികമായി ഏജന്റ്സ് പ്രൈസ് അനുവദിച്ചു. ഇത് ജൂലൈ 2013 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്. ബമ്പർ ഭാഗ്യക്കുറികളിൽ 1000 ടിക്കറ്റുകൾ വരെ 25%, 1000 ടിക്കറ്റിന് മുകളിൽ 27% എന്ന നിരക്കിൽ നൽകിയിരുന്ന ഡിസ്കൗണ്ട് യഥാക്രമം 26%, 28% ആയി വർദ്ധിപ്പിച്ചു.

(സി) ഭാഗ്യക്കുറി ഏജന്റുമാർക്ക് ക്ഷേമനിധി വഴി നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ് ;

(സി) സംസ്ഥാന ഭാഗ്യക്കുറി ക്ഷേമപദ്ധതിയിൽ അംഗത്വം എടുത്തിട്ടുള്ള ഭാഗ്യക്കുറി ഏജന്റുമാർക്ക് പ്രതിമാസ പെൻഷൻ, കുടുംബ പെൻഷൻ, അർഹരായ ക്ഷേമനിധി അംഗങ്ങൾക്ക് ചികിത്സാ ധനസഹായം, ക്ഷേമനിധി അംഗങ്ങൾക്കും അവരുടെ പ്രായപൂർത്തിയായ പെൺമക്കളുടെയും വിവാഹത്തിന് ധനസഹായം, മരണപ്പെട്ട ക്ഷേമനിധി അംഗത്തിന്റെ ആശ്രിതർക്ക് മരണാനന്തര ധനസഹായം, സ്ത്രീ അംഗങ്ങൾക്ക് പ്രസവാനുകൂല്യം, ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് ഉപരിപഠനത്തിന് സ്കോളർഷിപ്പ്, SSLC, THSLC, HSE , VHSE എന്നീ വിഭാഗങ്ങളിൽ ജില്ലാടിസ്ഥാനത്തിൽ I, II, III സ്ഥാനം നേടുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ അവാർഡ് എന്നീ ക്ഷേമപദ്ധതികൾ ക്ഷേമനിധി ബോർഡിൽ നിന്നും നടപ്പിലാക്കി വരുന്നുണ്ട്. കാലാകാലങ്ങളിൽ സർക്കാർ ഉത്തരവിന് വിധേയമായി എക്സ്ഗ്രേഷ്യ, ഓണം അലവൻസ് തുടങ്ങിയ ആനുകൂല്യങ്ങളും നൽകുന്നുണ്ട്.

(ഡി) ക്ഷേമനിധി വഴി കൂടുതൽ ആനുകൂല്യങ്ങൾ നൽകുവാൻ നടപടികൾ സ്വീകരിക്കുമോ ?

(ഡി) സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.